## ഗാർഹികാന്വേഷണം സാധുവാണോ
## എന്ന തർക്കം പ്രാഥമികമായി തീർപ്പാക്കാതെ അന്തിമ വിധി പുറപ്പെടുവിച്ചത് തെറ്റായ നടപടി

### മദ്രാസ് ഹൈക്കോടതി

W.P. No. 16985/2019 Dt. 23.2.2021

തമിൾനാടു മെർക്കന്റയിൽ ബേങ്ക് ലിമിറ്റഡ്

x

ആർ.പി. സിന്ധുജ

ബേങ്കിൽ ജോലി ചെയ്തുവന്ന ജീവനക്കാരനെതിരെ പെരുമാറ്റദൂഷ്യം ആരോപിച്ച് കുറ്റപത്രം നല്കിയ മേനേജ്മെന്റ് അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്തി. ജീവനക്കാരനെതിരെ ആരോപിച്ച കുറ്റങ്ങൾ തെളിഞ്ഞിട്ടുണ്ടെന്ന് കാണിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ ജീവനക്കാരൻ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അപ്പീൽ പരിഗണിച്ച അതോറിറ്റി ഗാർഹികാന്വേഷണത്തിന്റെ സാധുത സംബന്ധിച്ച പ്രാഥമിക തർക്കം പരിഹരിക്കാതെ അപ്പീലിന്റെ പ്രധാന അംശം പരിഗണിക്കാൻ തുടങ്ങിയപ്പോൾ മേനേജ്മെന്റ് ഒരു ഇടക്കാല ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണം നടത്തിയത് കുറ്റമറ്റ വിധത്തിലാണോ അല്ലയോ എന്നത് പ്രാഥമികമായി തീർപ്പ് കല്പിക്കണമെന്നാണ് ആ ഹർജിയിൽ ആവശ്യപ്പെട്ടത്. കേസിലെ രേഖകളും തെളിവുകളും പരിഗണിക്കാതെ ഗാർഹികാന്വേഷണത്തിന്റെ സാധുത സംബന്ധിച്ച് തീരുമാനമെടുക്കാനാവില്ലെന്നു ചൂണ്ടിക്കാട്ടിയ അപ്പലേറ്റ് അതോറിറ്റി യാതൊരു കാരണവും രേഖപ്പെടുത്താതെ ഇടക്കാല ഹർജി തള്ളിക്കളഞ്ഞു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഇടക്കാല ഹർജി കാരണം കാണിക്കാതെ തള്ളിക്കളഞ്ഞതും പ്രാഥമിക തർക്കം പരിഹരിക്കാതെ മുഖ്യാംശത്തിലേക്ക് കടക്കാൻ തുനിഞ്ഞതും അന്യായവും നിയമവിരുദ്ധവുമാണെന്ന് മേനേജ്മെന്റ് വാദിച്ചു. ഗാർഹികാന്വേഷണം കുറ്റമറ്റതല്ലെന്നു കണ്ടാൽ തെളിവ് നല്കാൻ തങ്ങൾക്ക് അവസരം ലഭിക്കുമെന്നും അല്ലാത്തപക്ഷം പ്രസ്തുത അവസരം തങ്ങൾക്ക് നഷ്ടപ്പെടുമെന്നും അത് അനീതിയാണെന്നും മേനേജ്മെന്റ് വാദിച്ചു. അപ്പലേറ്റ് അതോറിറ്റിയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലോ ലേബർ കോടതിയോ ബോർഡോ ഗാർഹികാന്വേഷണത്തിന്റെ വെളിച്ചത്തിൽ തൊഴിലാളിയെ പിരിച്ചുവിട്ടുവെന്ന തർക്കം പരിഗണിക്കുമ്പോൾ ഗാർഹികാന്വേഷണം നടത്തിയത് കുറ്റമറ്റവിധത്തിലാണോ അല്ലയോ എന്ന പ്രാഥമിക തർക്കം ആദ്യം പരിഗണിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം അത് മേനേജ്മെന്റിനോട് കാണിക്കുന്ന അനീതിയായിരിക്കുമെന്നം വിലയിരുത്തിയ ഹൈക്കോടതി അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് റദ്ദാക്കുകയും ഇരുകൂട്ടരെയും കേട്ടതിനു ശേഷം നിയമാനുസൃതം പ്രാഥമിക തർക്കം തീർപ്പാക്കണമെന്നും അതിനു ശേഷം വേണമെങ്കിൽ മാത്രമേ കേസിന്റെ മുഖ്യാംശത്തിലേക്ക് കടക്കാവൂ എന്ന് നിർദ്ദേശിക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.